## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1919 — 17.03.2015-ലെ മറുപടിക്ക്

### എടച്ചേരി ജമീല കൊലപാതക കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.കെ. വിജയൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ എടച്ചേരിയിൽ 2001 സെപ്റ്റംബർ 8ന് കൊലചെയ്യപ്പെട്ട ജമീലയുടെ കൊലയാളിയെ കണ്ടെത്തുന്നതിൽ പോലീസ് പൂർണ്ണ പരാജയമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജമീലയുടെ കൊലപാതകിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) യഥാർത്ഥ പ്രതിയെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) ജമീല വധക്കേസ്സിലെ (എടച്ചേരി PS Crime No.216/01) പ്രതിയും മരണപ്പെട്ട ജമീലയുടെ ഭർത്താവും ആയ കിഴക്കയിൽ ഹമീദ് എന്നയാൾ വർഷങ്ങളായി ഒളിവിൽ കഴിയുകയാണ്. ടിയാനെ കണ്ടെത്തുന്നതിനായി നിരന്തരം അന്വേഷണം നടത്തി വരുന്നതാണ്. ടിയാൻ കൽക്കട്ടയിൽ ഉണ്ട് എന്ന വിശ്വാസത്തിൽ 2013 ൽ കൽക്കട്ട പോലീസിന്റെ സഹായത്തോടെ അന്വേഷണം നടത്തി എങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. |
| (സി) പ്രസ്തുത കേസിലെ പ്രതിയെ കണ്ടെത്തുന്നതിനുള്ള അന്വേഷണ ചുമതല മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ